## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4326** **13/12/2018-ൽ മറുപടി നൽകേണ്ടിയിരുന്നത്**

### അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.എം. വിൻസെന്റ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനം കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലാണോ പ്രവർത്തിച്ചുവരുന്നത്; | (എ) | 23.10.2018 വരെ എ.സി.എസ്.ടി.ഐ, കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. 24.10.2018 മുതൽ TVM/TC/1199/2018 നമ്പറായി തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സൊസൈറ്റിയുടെ കീഴിലാണ് പ്രവർത്തിച്ച വരുന്നത്. |
| (ബി) | പ്രസ്തുത സ്ഥാപനം തുടങ്ങുന്നതിനായി വസ്തുവകകൾ വാങ്ങുന്നതിനോ കെട്ടിടം പണിയുന്നതിനോ സംസ്ഥാന സഹകരണ ബാങ്കിന് എൻ.സി.ഡി.സി.യുടെ സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ടോ; | (ബി) | സഹായം ലഭിച്ചിട്ടുണ്ട്. |
| (സി) | എങ്കിൽ സാമ്പത്തിക സഹായം നൽകുമ്പോൾ എൻ.സി.ഡി.സി. സംസ്ഥാന സഹകരണ ബാങ്കിനോട് നിർദ്ദേശിച്ച വ്യവസ്ഥകൾ വിശദമാക്കാമോ? | (സി) | താഴെ പറയുന്ന വ്യവസ്ഥകളാണ് എൻ.സി.ഡി.സി. മുന്നോട്ട് വച്ചിരുന്നത്.<br><br>1) സ്ഥാപനം ട്രെയിനിംഗ് മാത്രമേ നൽകാവൂ.<br>2) സഹകരണ രംഗത്തെ ആളുകളുടെ പരിശീലനത്തിന് സ്ഥാപനത്തിലെ സൗകര്യങ്ങൾ ഉപയോഗിക്കാൻ എൻ.സി.ഡി.സി യെ തുടർന്നും അനുവദിക്കുക.<br>3) സ്ഥാപനത്തിന്റെ ആസ്തികൾ ബാങ്ക് അന്യാധീനപ്പെടുത്തുന്നില്ല എന്ന് സർക്കാർ ഉറപ്പ് വരുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ